## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T3230 — 25.06.2012 ലെ മറുപടിയ്ക്ക്

### സ്പോർട്സ് ക്വാട്ടയിലേയ്ക്കുള്ള നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്ത് വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന സ്പോർട്സ് ക്വാട്ടയിലേക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായി 2006-08,2009 കാലയളവുകളിലേയ്ക്കുള്ള 110 ഒഴിവുകളിൽ 101 പേരെ 02.06.2012 ലെ സ.ഉ(എം.എസ്) നം. 134/12/പൊ.ഭ.വ നമ്പർ പ്രകാരം വിവധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി നിയമനം നൽകുന്നതിന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. 2010-11 കാലയളവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നടത്താനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | സ്പോർട്സ് ക്വാട്ട നിയമനത്തിനായി ഓരോ വർഷവും എത്ര തസ്തികകളാണ് മാറ്റിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | 2008 വരെ വർഷംതോറും 20 ഒഴിവുകൾ വീതമാണ് നീക്കി വച്ചിരുന്നത്. 2009 മുതൽ ആയത് 50 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഫുടിബോൾ, വോളിബോൾ, അത്ത്ലറ്റിക്സ് എന്നിവയ്ക്ക് എത്ര ശതമാനം സീറ്റുകളാണ് മാറ്റിവച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | സി) നിലവിൽ ഓരോ വർഷത്തേയ്ക്കും സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള 50 ഒഴിവുകളിൽ ഫുടിബോൾ, വോളിബോൾ,അത്ത്ലറ്റിക്സ് എന്നീ വിഭാഗങ്ങൾക്കായി യഥാക്രമം 2(4%),2(4%),5(10%) സീറ്റുകളാണ് നീക്കിവച്ചിട്ടുള്ളത്. |
| ഡി) കോളേജ്,ഹയർ സെക്കന്ററി പ്രവേശനത്തിൽ സ്പോർട്സ് ക്വാട്ടയിലുള്ള അഡ്മിഷന് എന്തെല്ലാം മാനദണ്ഡമാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ; | ഡി) കോളേജ്, ഹയർ സെക്കന്ററി സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് കേരളസ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച മാനദണ്ഡമാണ് പരിഗണിക്കുന്നത്. അതിൻപ്രകാരം 120 ഇനങ്ങളിലായി സ്പോർട്സ് സർട്ടിഫിക്കറ്റുകൾക്ക് മാർക്ക് നൽകുന്നുണ്ട്. സബ്ജില്ലാതലത്തിൽ 3-ാംസ്ഥാനം ലഭിക്കുന്നത് മാർക്ക് നേടുന്നതിനുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡമായി കണക്കാക്കുന്നു. |
| ഇ) ഈ തെരഞ്ഞെടുപ്പുകൾ പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ഇ) തിരഞ്ഞെടുപ്പുകൾ പരിശോധിക്കുന്നതിന് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ